സിറാജ് 11 January 2023

# കാർഷിക വിദ്യാഭ്യാസം പരിഷ്കരിക്കും

കൊച്ചി | ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി രാജ്യത്തെ കാർഷിക വിദ്യാഭ്യാസം സമൂലമായി പരിഷ്കരിക്കുമെന്ന് ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ അഡീഷനൽ ഡയറക്ടർ ജനറൽ ഡോ. സീമ ജഗ്ഗി. വിദ്യാർഥികളിൽ നൈപുണ്യ വികസനം ലക്ഷ്യമിട്ട് പാഠ്യ പദ്ധതികളും കോഴ്സുകളും മാറ്റത്തിന് വിധേയമാക്കും. കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നതിന് പരിഷ്കരണം സഹായകരമാകുമെന്നും അവർ പറഞ്ഞു. സാമൂഹിക ശാസ്ത്ര ഗവേഷണങ്ങളിൽ പുതിയ രീതിശാസ്ത്രങ്ങൾ ഗവേഷകരെ പരിശീലിപ്പിക്കുന്നതിനായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം സംഘടിപ്പിക്കുന്ന വിന്റർ സ്കൂളിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു ഡോ സീമ ജഗ്ഗി. ഐ സി എ ആറിന്റെ സാമ്പത്തിക സഹായത്തോടെയാണ് 21 ദിവസത്തെ പരിശീലന പരിപാടി. 13 സംസ്ഥാനങ്ങളിൽ നിന്നായി 25 ഗവേഷകരാണ് വിന്റർ സ്കൂളിൽ പങ്കെടുക്കുന്നത്. സി എം എഫ് ആർ ഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു.